(ബി) നിലവിലുള്ള അംഗീകൃത സങ്കേതങ്ങളിൽ വൈദ്യുതി, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഇനിയും എത്തിച്ചേരാത്ത ഏതെങ്കിലും സങ്കേതങ്ങൾ സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതു സംബന്ധിച്ച് വിശദമായ ഒരു സർവ്വേ നടത്തി ഈ സങ്കേതങ്ങളിൽപ്പെട്ട മുഴുവൻ വീടുകളിലും വൈദ്യുതിയും കുടിവെള്ളവും എത്തിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പുതിയ പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് അംഗീകാരം നൽകിയിട്ടില്ല. പട്ടികജാതി വികസന വകുപ്പിനെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഉണ്ട്.

(സി) ഘട്ടം ഘട്ടമായി നടപടികൾ സ്വീകരിക്കുന്നുണ്ട്.

പാറശ്ശാലയിലെ ഐ.എച്ച്.ഡി.പി കോളനി റോഡുകളുടെ നിർമ്മാണം

18 (181) ശ്രീ. എൻ.സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇക്കൊല്ലം പണി ആരംഭിക്കുന്ന ഐ.എച്ച്.ഡി.പി. കോളനി റോഡുകളിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ ചെങ്കൽ പഞ്ചായത്തിനുള്ള പൊന്നംകോട് ഐ.എച്ച്.ഡി.പി. കോളനി റോഡും, കാരിക്കോട് ഐ.എച്ച്.ഡി.പി കോളനി റോഡും തിരുപുറം പഞ്ചായത്തിലുള്ള പുത്തൻകട, പ്ലാന്തോട്ടം-തരുമാനൂർക്കട ഐ.എച്ച്.ഡി.പി. കോളനി റോഡും കുളത്തൂർ പഞ്ചായത്തിലുള്ള തോണിക്കടവ്-ചാലാക്കര ഐ.എച്ച്.ഡി.പി കോളനി റോഡും കൊല്ലയിൽ പഞ്ചായത്തിലുള്ള എന്തുകൊണ്ടൽകാണി വരിക്കാൻവിള വള്ളുക്കോടുകോണം ഐ.എച്ച്.ഡി.പി. കോളനി റോഡും പാറശ്ശാല പഞ്ചായത്തിലുള്ള കണ്ണംക്കോട് ഐ.എച്ച്.ഡി.പി കോളനി റോഡും കാരോട് പഞ്ചായത്തിലുള്ള കല്ലയിൽ ഐ.എച്ച്.ഡി.പി കോളനി റോഡും കുന്നത്തുകാൽ പഞ്ചായത്തിലുള്ള വേലത്തുകോണം ഐ.എച്ച്.ഡി.പി. ഹരിജൻ കോളനി റോഡും പണിയുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ച് വരുന്നു.

കിളിമാനൂർ നിയോജക മണ്ഡലത്തിലെ തീവ്രസങ്കേത വികസന പദ്ധതി

19 (182) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എ) കിളിമാനൂർ നിയോജക മണ്ഡലത്തിൽ നാളിതു വരെ ഏതെല്ലാം കോളനികൾ തീവ്രസങ്കേത വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്;

(ബി) ഓരോ കോളനിയിലും ഏതെല്ലാം വകുപ്പുകൾ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നും അവയ്ക്കു വേണ്ടി ഓരോ വകുപ്പിൽ നിന്നും എന്തു തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കോളനികളിൽ വിവിധ വകുപ്പുകൾ മുഖേന വ്യക്തിഗത സഹായമായി എന്തെല്ലാം ധനസഹായങ്ങൾ നൽകി എന്ന് ഗുണഭോക്താക്കളുടെ പേരുസഹിതം വെളിപ്പെടുത്താമോ ;

(ഡി) പദ്ധതി പ്രകാരം കിളിമാനൂർ മണ്ഡലത്തിൽ ഇതിനകം എന്തു തുക മൊത്തം ചെലവാക്കിയിട്ടുണ്ട് ?

ഉത്തരം

(എ) കിളിമാനൂർ നിയോജക മണ്ഡലത്തിൽ തീവ്രസങ്കേത വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ കോളനികളുടെ പേരു വിവരം ചുവടെ ചേർക്കുന്നു:

1. കണ്ണയംകോട്
2. പുളിയറക്കോണം
3. മഠത്തിൽകോണം പനയാട്ടുകോണം
4. പരത്തൂർ
5. വട്ടപ്പച്ച
6. ചാലിൽമുളവന
7. കല്ലറകോണം
8. വെട്ടിയറ (കണ്ണുംകാരക്കോണം)
9. ഇടവനകോണം
10. മീൻകോണം
11. കിളിക്കോട്ടുകോണം
12. വല്ലക്കോട്
13. പീലിയോട്ടുകോണം
14. ചാവേറ്റിക്കോട്
15. കല്ലുപടക്കോണം-കുടവൂർ കൊട്ടറക്കോണം
16. തെന്നൂർ ഈതെന്നൂർ വാഴ്വേലിക്കോണം

LIBRARY ARCHIVES Kerala Legislative Assembly

17. വല്ലത്തുക്കോണം

18. കമുകിൻകുഴി (തരുത്തിയമൻ)

19. പുകയിലത്തോപ്പു

20. കരിംപാലോട്

21. കോട്ടമല

22. ചെമ്പ്രക്കോട്

23. പാറയക്കോട്

(ബി,സി&ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പ്രീ-മെട്രിക് ഹോസ്റ്റൽ വാർഡൻമാരുടെ കാറ്റഗറി മാറ്റം

20 (183) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ വാർഡൻമാരായി ജോലി ചെയ്ത വർഷങ്ങൾക്ക് മുമ്പ് സർവ്വീസിൽ പ്രവേശിച്ചവർക്ക് തസ്തിക മാറ്റം വഴി ക്ലാർക്കുമാരായി നിയമനം നൽകുന്നതിനുള്ള നടപടി ക്രമം ഏത് ഘട്ടംവരെയായി എന്ന് വെളിപ്പെടുത്താമോ ;

(ബി) സ്പെഷ്യൽ റൂൾസ് നിലവിൽ വന്നശേഷം ഈ കാറ്റഗറിയിൽപ്പെട്ട ഒരു വിഭാഗം വാർഡൻമാർക്ക് ഈ കാറ്റഗറി മാറ്റം നടപ്പിലാക്കിയിട്ടില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിക്കുകയുണ്ടായി ;

(ഡി) സങ്കേതിക കാരണങ്ങൾ പറഞ്ഞ് ഇവർക്ക് കാറ്റഗറി മാറ്റം അനുവദിക്കാത്തതിനെത്തുടർന്ന് താല്പര്യമുള്ളവർക്ക് ഏറ്റവും ജൂനിയർ ക്ലാർക്കുമാരായിട്ടെങ്കിലും തസ്തിക മാറ്റം നൽകണമെന്ന ഇവരുടെ ആവശ്യം സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

(എ) 15-5-1993-ൽ ഈ വകുപ്പിൽ നിലവിൽ വന്ന സ്പെഷ്യൽ റൂൾസ് പ്രകാരമാണ് ഈ വകുപ്പിലെ വാർഡൻ തസ്തികകൾ എൽ.ഡി.ക്ലാർക്കുമാരുടെ കേഡറിലെ അഡിഷൻ ടു കേഡർ തസ്തികകളായി മാറ്റിയത്. അതിൻപ്രകാരം 15-5-1993-ന് ശേഷം ഈ വകുപ്പിൽ എൽ.ഡി.ക്ലാർക്കുമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കപ്പെട്ട വാർഡൻമാർക്ക് പിന്നീട് ഒഴിവുകളുടെ ലഭ്യത അനുസരിച്ച് ക്ലാർക്കുമാരായി തസ്തിക മാറ്റം അനുവദിക്കുന്നുണ്ട്. സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതിന് മുമ്പ് വാർഡൻമാരായി നിയമിക്കപ്പെട്ടവർക്ക് എൽ.ഡി.ക്ലാർക്കുമാരായി തസ്തിക മാറ്റത്തിന് അർഹതയില്ല.

LIBRARY ARCHIVES Kerala Legislative Assembly